

# *Flying Kites*





# ആശംസകൾ

**ലോകം മുഴുവൻ ചെറുതായിക്കൊണ്ടിരിക്കുന്ന ഇന്നത്തെക്കാലത്ത് സ്കൂൾ വാർത്തകൾ,മികവുകൾ എന്നെന്നും കാണാനും കേൾക്കാനും സാധിക്കുന്ന രീതിയിൽ സംരക്ഷിക്കുന്ന പുതിയ യജ്ഞത്തിന് പി ജി പി എച്ച് എസ് ന്റെയും ഹെഡ്മാസ്റ്റർ എന്ന നിലയിൽ എന്റെയും വിജയാശംസകൾ. ലിറ്റിൽ കൈറ്റ്സിന്റെ എല്ലാ ഉദ്യമത്തിനും ആശംസകൾ നേരുന്നു.**

**ഹെഡ്മാസ്റ്റർ**
**ശ്രീ അംഗജൻ സി കെ**



# ആശംസകൾ

***ഐ. സി ടി സാംശേതിക വിദ്യയും  നമ്മുടെ വിദ്യാർത്ഥികളുടെ കൂട്ടായ പ്രയത്നഫലവും കൂടി പണിതുയർത്ത 'ഫ്ലൈയിങ് കൈറ്റ്സ് ' ഡിജിറ്റൽ മാഗസിൻ നിർമാണം നമ്മുടെ സ്കൂളിന്റെ അഭിമാനമായി മാറുകയും അടുത്ത തലമുറയ്ക്ക്  ഉള്ള ഒരു  നാഴിക കല്ലായി മാറട്ടെ എന്ന് ആശംസിക്കുന്നു.***

പ്രിൻസിപ്പൾ
ശ്രീമതി  രാജേശ്വരി



# ആശംസകൾ

ആധുനിക സാംഗേതിക വിദ്യയുടെ ഏറ്റവും കരുത്താർജ്ജിച്ച ഈ ഡിജിറ്റൽ ലോകത്തിൽ ഈ മാഗസിനിലൂടെ യഥാസമയം സ്ഥാനം പിടിച്ച ലിറ്റിൽ കൈറ്റ്സിൻെറ കുഞ്ഞുങ്ങൾക്ക് പി. ടി. എ യുടെ എല്ലാവിധ ആശംസകളും നേരുന്നു.

പി. ടി എ പ്രസിഡൻറ്

***ശ്രീമതി സുമതി***




# ആശംസകൾ

**ഇന്ത്യയിലെ ഏറ്റവും വലിയ ഐറ്റിക്കൂട്ടായ്മയായ ലിറ്റിൽ കൈറ്റ് ക്ലബിൻെറ സംരംഭമായ ഡിജിറ്റൽ മാഗസിൻ പൊതുവിദ്യാഭ്യാസ വകുപ്പിൻെറ തന്നെ ചരിത്രത്തിൻെറ ഭാഗമായി തീരുകയാണ്. ഭാവനയും ടെക്നോളജിയും ഒന്നിക്കുമ്പോൾ പിറക്കുന്ന ഒരു പുതുയുഗത്തിൻെറ ഭാഗമാകുകയാണ് നാം. ഈ ചെറിയ കൈറ്റ് പക്ഷികളിലൂടെ ചിറകുകൾക്ക് ആകാശം തെളിക്കുവാൻ സാധിച്ചതിൽ അഭിമാനിക്കുന്നു. ഈ സംരഭത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും അഭിനന്ദനം അറിയിച്ചു കൊണ്ട്.**


**ആശംസകളോടെ**

**ആഷ ടീച്ചർ**

**ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്**



# <u>ആശംസകൾ</u>


MINI. B
Headmistress

# ആശംസകൾ

**സാങ്കേതികവിദ്യയുടെ വളർച്ചയാൽ അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ തങ്ങളുടേതായ ഒരിടം കണ്ടെത്തുവാൻ നമ്മുടെ കുട്ടികൾക്ക് കഴിയട്ടെ**

**അവരുടെ ഈ ശ്രമത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.**

**ഷീബ ടീച്ചർ.**



# ആശംസകൾ

ഡിജിറ്റൽ മാഗസിൻ എന്ന വലിയ സംരഭത്തിലൂടെ നമ്മുടെ കുഞ്ഞു കൂട്ടുകാരുടെ ഏറ്റവും നല്ല കഴിവുകൾ പ്രതിഫലിപ്പിച്ചിരിക്കുകയാണ്. സർഗവാസനയും ,കംബ്യൂട്ടർ സാംഗേതികവിദ്യയും ഒന്നിക്കുബോൾ രൂപപ്പെടുന്ന ഒരു മാന്ത്രികലോകം സൃഷ്ട്ടിച്ചവയുവാൻ ഇവിടെ സാധിച്ചിരിക്കുന്നു. പാലക്കാട് ജില്ലയിലെ 122 ലിറ്റിൽ കൈറ്റ്സ് ഉൾപ്പെട്ട നമ്മുടെ പി. ജി.പി.എച്ച്.എസ് സ്കൂളിലെ എന്റെ ലിറ്റിൽ കുടുംബാംഗങ്ങൾക്ക് എല്ലാവർക്കും ഞാൻ ആശംസകൾ നേരുന്നു.

**സ്മിത ടീച്ചർ**

**ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്**



## ആശംസകൾ

ആധുനിക സാംഗേതിക വിദ്യയുടെ ഏറ്റവും കരുത്താർജ്ജിച്ച ഡിജിറ്റൽ മാഗസിൻ ഫ്ലൈയിങ് കൈറ്റ്സ് അതിൽ പ്രയത്ന്ച്ച കൊച്ചു കുട്ടുകാർക്ക് ബി. ആർ. സി ചിറ്റൂരിൻെറ എല്ലാ വിധ ആശംസകളും നേരുന്നു. ഏറ്റവും അന്താരാഷ്ട് നിലവാരത്തിൽ ശ്രദ്ധയമാകട്ടെ ഫ്ലൈയിങ് കൈറ്റ്സ്

സുമഗല ടീച്ചർ

BRC TRAINER

BRC CHITTUR



# *Flying Kites*

## ഉള്ളടക്കം


എത്ര മനോഹരമെൻ പ്രകൃതി.....7

പുതുവാനം.....7

*മണ്ണ്*.....9

മധുരതരം ഈ ജീവിതം.....10

അമ്പിളിത്തോണി.....12

എൻെറ അമ്മ.....13

തടയണ.....13

മണ്ണിനെ മറന്നവർ.....15

എൻെറ മലയാളം.....16

.....18

കവിത.....18

അങ്ങനെയൊരു മഴ.....19

കോമാളിമഴ.....20

വഴിമൊഴികൾ.....21

പൂമ്പാറ്റ.....21

ഞാനും പൂവിട്ടുണരുന്നും.....22

ഒഴുവുകാലം.....23

*പൂവും മുള്ളും*.....25

ജന്മനാട്.....25

ജീവിതം.....26

മഴയുടെ കുളി.....28

*പൂച്ചനോട്ടം*.....28

*കൽക്കണ്ട മല*.....29

*തിമിംഗലങ്ങളുടെ പാട്ടും ഡാൻസും*.....30

*പ്രാണൻെറ വിശപ്പ്*.....32

മത്തൻവള്ളി.....33

Story.....34

Speech.....35

*Child labour*.....36

.....37

HOPE.....37

*TRUE FRIEND*.....38

FRIENDS.....39

*Quotes*.....40

*CHILD LABOUR*.....42

*നന്ദി*.....44

# എത്ര മനോഹരമെൻ പ്രകൃതി

എത്ര സുന്ദരമെൻ പ്രകൃതി
കായലും പുഴകളും നിറഞ്ഞൊഴുകും
എത്ര വർണാഭമാണെൻ പ്രകൃതി
പച്ചപ്പുതച്ചൊരു പൂന്തോട്ടമാണെൻ പ്രകൃതി
ഹാ! എത്ര മനോഹരമെൻ പ്രകൃതി.



THRISHA.K
9.B

# പുതുവാനം

പച്ചവിരിച്ചൊരു നെൽപ്പാടം
കൊത്തിയെടുക്കാൻ നെൽക്കതിരും
കൊട്ടിയകറ്റാൻ നിർത്തിയ കുട്ടികൾ,
മാടിവിളിക്കും കളി പറയും
കൂട്ടിലടച്ച മെരുക്കുന്നവരോ പുതിയൊരു
വാനംനൽകീടും.
വറ്റിവരണ്ടൊരു പുഴയുടെ മാറിൽ

തെളിനീരൊഴുകും ചിരിപടരും
വെട്ടിനിരത്തിയ കാടുകളെല്ലാം
പൊട്ടി മുളയ്ക്കുംവനമാകും
കുന്നുകൾ കേറിപ്പോകും വണ്ടി
കൾ തടഞ്ഞു നിർത്തും ചെറുകൈകൾ
വർണച്ചിറകുകൾ വീശികുട്ടികൾ
പുതുലോകത്തിൽ പാറീടും.

Collected by
Nikhitha
8.A

# യാത്ര

അമ്മതൻ  ഗർഭപാത്രത്തിൽ നിന്നും
കാപട്യ ലോകത്തിലേക്കു ള്ള യാത്ര
ആംഗ്യങ്ങളിൽനിന്നും ഭാഷയിലേക്കുള്ള യാത്ര
ശയ്യയിൽ നിന്നും നടത്തത്തിലേക്കുള്ള യാത്ര
അജ്ഞാനത്തിൽ നിന്നും വിജ്ഞാനത്തിലേക്കുള്ള യാത്ര
വിദ്വേഷത്തിൽ നിന്നും സ്നേഹസാഗരത്തിലേക്കുള്ള  യാത്ര
ജനിയിൽ നിന്നും  മൃതിയിലേക്കുള്ള യാത്ര.
യാത്ര... യാത്ര... യാത്ര.... യാത്ര

സിന്ധു കെ
എച്ച് എസ് എ സംസ്കൃതം



## മണ്ണ്

എങ്ങനെ ഭ്രമിയിൽ മണ്ണുണ്ടായി?
കല്ലുകൾ പാറകൾ തട്ടിപ്പൊടിഞ്ഞതാണ്
ഇന്നു നാം കാണുന്ന മണ്ണായത്.

ഈ മണ്ണിനെ മലിനമാക്കരുതേ
ഒന്നു ഞാൻ ചൊല്ലട്ടെ നിങ്ങളോട്
മണ്ണിനെ പൊന്നുപോൽ കാത്തീടണം.

*COLLECTED BY*
*NITHIN*
*9.A*

## നിഴലായ് നിലാവായ്

തിങ്ങിഞെരുങ്ങും  ഇരുട്ടുകൾക്കുള്ളിൽ

തുണയായ് വന്നവൾ നിലാവ്
ഞാൻ എവിടെ ഇരുന്നാലും
ഞാൻ എവിടെ കിടന്നാലും
എൻ കൂട്ടരെ പോലെ തുണയാണെന്നിഴൽ
ഒരുനാളും അകലാത്ത കൂട്ടായ്
ഇരുന്നവൾ നിഴൽ.

COLLECTED BY
THRISHA.K
9.B

## മധുരതരം ഈ ജീവിതം

ദുബായിൽ ഒഴുക്കിയ എന്റെ വിയർപ്പ്
നാട്ടിലേയ്ക്ക് അതിവേഗം എത്തിയപ്പോൾ
തിന്ന ഡോക്ടറോ മധുരം.

അതുകൊണ്ട് പെങ്ങന്മാരുടെ വിയർപ്പൊപ്പി
മറ്റൊരു വിയർപ്പിലേയ്ക്ക് തള്ളിയിട്ടപ്പോഴും
തിന്ന മധുരം

ഉമ്മയുടെ ആരോഗ്യം മരുന്നിനതിന്നാൻ

**കൊടത്തപ്പോഴും മധുരം തന്നെ-സ്റ്റാറസ്**

**നൂറുപവനേയും ഒരു ലക്ഷം രൂപയേയും**
**ഒരു ഫ്ളായിനേയും നികാഹ് കഴിച്ചപ്പോൾ**
**എന്തെന്നില്ലാത്ത മധുരം**

**പിന്നെ ഒരു നാൾ**
**വറചട്ടിയിലെ എ.സി റൂമിൽ**
**പണമെടുക്കവെ വന്ന**
**ഫോൺ കോളിൽ**
**ഗ്യാസ് പൊട്ടിത്തെറിച്ചത് സ്വാഭാവികം**
**എന്ന വിധി വന്നത് മധുരതരം**

**എന്താണ് ഡോക്ടറോ**
**ഇങ്ങനെ മധുരം തിന്നാൽ എന്നെ**
**പഞ്ചാര തിന്നൂല്ലേ?**
**ഇല്ലെന്നാവും ഉത്തരം**

**എനികറിയാം ഡോക്ടറോ**
**ഇൻസുലിൻ കുത്തിവെയ്പ്പിനെക്കുറിച്ച്.**

***Collected by***
***Praveen***
***9.A***

# <u>*അബിളിത്തോണി*</u>

**താരകപ്പുക്കൾ ചിരിച്ചുനിന്ന**
**താഴബ്ബൂ പൂത്ത മണം പരന്ന**
**തെന്നലിൽ തെങ്ങോലക്കൈകളാട്ടി**
**തോട്ടങ്ങൾ മേലോട്ടു നോക്കി നിന്ന**

**വെണ്ണിലാവോളങ്ങൾ തുള്ളിയാടും**
**വിണ്ണിലും മണ്ണിലും പാൽപ്പുഴകൾ**
**ഏതൊരു രാജകുമാരനാവാം**
**ആബിളിത്തോണിയിലേറിമെല്ലെ**
**നാട്ടു നഗരവും നോക്കിനോക്കി**
**നീളെത്തുഴഞ്ഞങ്ങു നീങ്ങിടുന്ന**

**ആർപ്പുവിളിക്കുവാനാരുമില്ല**
**ഏകാന്തയാത്രയാണിഷ്ടമെന്നോ ?**
**ചന്ദനവൃക്ഷങ്ങൾ കാണ്മതില്ല,**
**കൊത്തിമുറിച്ചാരോകൊണ്ടുപോയി !**
**അബിളിത്തോണി പിടിച്ചുകെട്ടാൻ**
**കബൊന്നുപോലുമേ ബക്കിയില്ലാ !**

**COLLECTED BY**
**ABINAYA**

***8.A***

## എന്റെ അമ്മ

**അ-എന്നൊരുക്ഷരം കേട്ടാ**
**ലോർമയിൽ ആദ്യമെത്തുന്നതെന്നമ്മ**
**എന്നും മനസ്സിൽ നിറഞ്ഞിരിക്കും**
**ഒരു ദീപജ്വാലയെന്നമ്മ**
**എന്നമെന്നെക്കുറിച്ചോർത്തിരിക്കും**
**പ്രാർത്ഥനാനാളമെന്നമ്മ.**

***COLLECTED BY***
***THRISHA.K***
***9.B***

## തടയണ

**പാളത്തിലൂടെ പായുന്ന**
**തീവണ്ടിയുടെ ഒച്ച**
**പുഴയിൽ തട്ടി**
**എത്രയോദൂരം**

**പ്രതിധ്വനിക്കുന്നുണ്ട്**
**രാത്രിവെളിച്ചങ്ങളെ**
**പുഴപലകാലങ്ങളിലേക്കും**
**പ്രതിഫലിക്കുന്നുണ്ട**
**കടത്തുകാരനു**
**യാത്രക്കരനുമില്ലതെ**
**ഒരുതോണി**
**ഇരുകര പിടിക്കുന്നുണ്ട്**

**വെറുതേയൊന്ന്**
**നീന്തിത്തുടിക്കാൻ**
**ഒരുമുക്കുവനും**

**സമ്മതിക്കാരില്ലെന്ന്**
**മീനുകൾ പിറുപിറുക്കുന്നുണ്ട**

**എന്നോകണ്ട്മറന്ന**
**കടലിനെ ഓർത്ത്**
**പുഴ;നെടുവീർപ്പിടുന്നുണ്ട്വരയിലും**
**വർണ്ണനയിലും**
**നിറവിലുമല്ല**
**ഒഴുക്കിലാണ്**

**പുഴയുടെ ജീവനെന്ന്**
**ആകാശത്തുനിന്നൊരുകിളിമൊഴിയുന്നുണ്ട് .**

***Collected by***
***Sujith***

9.B

# മണ്ണിനെ മറന്നവർ



നാടെങ്ങും നവയുഗം
കർഷകരെകാൺമതില്ലിന്നീഭൂമിയിൽ
പ്രകൃതിതൻ തന്മാത്രയാം
നെൽവയലുകൾ
ഒരു പഴംകഥയായ് മാറവെ
ആധുനിക യുഗത്തിൽ പൈതങ്ങൾ
നെൽച്ചെടിയെന്തന്നറിവതില്ല
അന്യഭാഷകൾ അനുകരിക്കും മനുഷ്യൻ
ജനികൊണ്ട സ്വഗ്രാമം വെടിഞ്ഞു
അന്യനാടിൻ സന്തതിയാകവെ
നാം മറന്ന അദ്ധ്വാനം മണക്കുന്ന മണക്കുന്ന മണം
നാടെങ്ങും വിപണന കേന്ദ്രമായ് മാറവെ
നാം ഇന്നും മറന്നു
അദ്ധ്വാനത്തിൻ കൈകളും
നെൽവയലുകളും.

COLLECTED BY
AKSHAYA 10.C

# എന്റെ മലയാളം

ചക്രവാള സീമയിൽ
നിറഞ്ഞുനിൽക്കും പുണ്യമേ
പീലി വിടർത്തിനിന്നിടും
നറുതികളാം മലയാളമേ

സത്യമെൻ  അഭിലാഷമാം
പുണ്യമെ മലയാളമെ
പൂകുയിലുകൾ പാടിടും
ഇളം കാറ്റുകൾ പൂവീശിടും

അമ്മചൊല്ലിയ വാക്കുകൾ
മലയാളമാം മൃദുവാക്കുകൾ
നാവിലൂറും വാക്കുകൾ
പൂമധുരമാം മലയാളമെ
അമ്മയെന്നൊരുവാക്കിനെ

അമൃതമാക്കും മലയാളമെ
മലയാളമെ ശ്രുതിതാളമെ
അഭിവാദനം ദിനമെത്രയും
പുണ്യമെ സത്യതീർത്ഥമെ

**മംഗളം ദിനമെത്രയും**
**നെഞ്ചിലൂറും വാക്കുകൾ**
**അതിസുന്ദരം നിൻവാക്കുകൾ**
**സാഗരം പോൽനീളിട്ടും**
**മലയാളമെന്നൊരു സാഗരം**

**കഥകളും ചെറുകൃതികളും**
**മലയാളമാം ചരിതങ്ങളും**
**മലകളും ചെറുപുഴകളും**
**നദികളും വയലേലയും**
**പുൽകിയുണരും കേരളം**
**കേളികെട്ടൊരുകേരളം.**

***COLLECTED BY***
***ASWATHY***
***10.A***

## പുഴ



**കാനനവിയേ**

**കവിതയുദിച്ചിട്ടതിരുകൾ വെട്ടിച്ചോടുന്ന**
**കല്ലും മണലും**
**പുല്ലുമൊരുക്കിയ**
**പാതയിലൂടെ  ഒഴുകുന്ന**
**കളകളമൊഴുകി**
**കുളിരുപകർന്നിട്ട**
**കലേക്കോടിപ്പേകുന്ന**
**പാൽനുര ചിന്തി**
**പാട്ടും പാടി**
**പുഴയിതു കടലിൽ ചേരുന്നു.**

COLLECTED BY
SHAMEENA
9.B

# കവിത

**ഈശ്വര സിദ്ധിയാൽ പ്രകൃതിമനോഹരമായ**
**ഭൂമിയിൽ വന്നു പിറന്നിട്ടും.**
**ഒരു നാൾ പോലും സന്തോഷിക്കാൻ പറ്റാത്തതെന്തേ?**
**കാലമാക്കുന്ന ചക്രത്തിൽ**
**വിധി വിളയാടങ്ങൾ മാറി  വരുമ്പോഴും**
**ഇന്നുമെൻ സാന്ത്വനം**

എൻ മാതൃ സ്നേഹിവും ദൈവവും മാത്രം
വിധിയുടെ നീർച്ചുളയിൽ  തകരുമെൻ മനസിനു
പാതകൾ തുറന്നുതരുന്നത് ഈ സ്നേഹം മാത്രം
സബത്തിൻെറ മടിയിൽ ആർത്തുരസിക്കുന്ന
പാവികളേ നീ കാണാത്തതെന്തേ....?
ഒത്തിരി വേദനിച്ചു
അപ്പോഴും സ്വപ്നങ്ങൾ ഏറെ കണ്ടു
എന്നാലും ആരോടും ദേഷ്യമില്ലാട്ടോ....

COLLECTED BY
VIJITHA
10.B

–

## അങ്ങനെയൊരു മഴ

കൊച്ചുന്നാളിൽ കോലായത്തെളുബിൽ
കുന്തിച്ചിരുന്ന്
മഴനോക്കിയിരിക്കാറുണ്ട്
തലേന്ന് ഒഴുക്കിവിട്ട കടലാസുതോണി
കരയ്ക്കടിഞ്ഞ് തറപറ്റികിടക്കുന്ന കാഴ്ച



കുറച്ചൊന്നുമല്ല സകടം തന്നത്
ഇറക്കവെള്ളത്തിൽ   മുട്ടിയുരുമ്മി
വട്ടംച്ചുറ്റിക്കളിക്കവേ പൊട്ടി-

**ത്തകർന്നുപോകുന്ന നീർപ്പോളകൾ**

**കുഞ്ഞുപെങ്ങളുടെ കവിളത്തെ**
**നുണക്കുഴിപ്പോലെ**
**ഇടക്കപ്പൊഴോ തെളിയുന്ന ചുഴികൾ**
**ഇനിയെന്നാണാവോ അങ്ങനെയൊരുമഴ.**

***Collected by***
***Abinaya***
***8.A***

# ***കോമാളിമഴ***

**ഏറെക്കാലം കാത്തിട്ടൊടുവിൽ**
**നാണം കെട്ടൊരു മഴപെയ്തു**
**മണ്ണുനനഞ്ഞു ചുരുണ്ടില്ല**
**ഇലകളിൽ നനവു പടർന്നില്ല**
**വാടിക്കഴിയും പൂചെടികൾ തൻ**
**ചെടികളിലേക്കു കിനിഞ്ഞില്ല.**

***Collected by***
***Nandhini***
***9.B***

# വഴിമൊഴികൾ

ഒരു പണ്ഡിതനറിയാത്ത പലതും പാമര
നറിയാം അതവർക്കറിയില്ല
ശാസ്ത്രജ്ഞനേയും ഭാഗ്യനിർഭാഗ്യങ്ങൾ
അശാസ്ത്രീയമായി പിടികൂടും
എനിക്കെന്റെ അമ്മ പൊന്നമ്മ
നിനക്കെന്റെ അമ്മ പെണ്ണമ്മ
പലരും നടക്കുന്നത് നിൽക്കാൻ വേണ്ടി
ചിലർ നിൽക്കുന്നു നടക്കാൻ വേണ്ടി
അക്ഷരത്തിന് ഒതുക്കമുണ്ട്,
അർത്ഥത്തിനൊതുക്കമില്ല
വലുതാവുമ്പോൾ ചെറുതാവാം
ഇനിയും വലുതാവാം.

COLLECTED BY

NIKHITHA

8.A

# പൂമ്പാറ്റ

പുഴുവാകും
ദിനമൊക്കെയും
ചിന്തയിലായിരുന്നു.......

ചിന്തയിലാഴ്ന്ന

ദിനമൊക്കെയുമുള്ളിൽ
വർണ്ണങ്ങളായിരുന്നു........

വർണ്ണങ്ങളിലായ
ദിനങ്ങളിലിരുന്നാണല്ലോ
ചിറകുവിടർത്തിയതും

ചിറകുകളുയർത്തിയ
ദിനത്തിൽ നിന്നും
പൂനിൽ നിന്നും
പൂവിലേക്കയ്     യാത്ര തുടങ്ങുന്നു......

COLLECTED BY
PRAVEE.PP 9.B

## ഞാനും പൂവിട്ടുണരുന്നു

പൂവു ചിരിക്കുമ്പോളതു പോലൊരു
ചിരിയെന്നുള്ളിൽ വിരിയുന്നു,
ഒരു കിളിമുളുമ്പോളതിനൊപ്പം
ഞാനും കൂടെ പാടുന്നു.
കാറ്റിലൽ മാമരമുലയുമ്പോളെൻ
ചില്ലകളും വിറകൊള്ളുന്നു
മയിൽപ്പാടം മുങ്ങുമ്പോളതി-
നൊപ്പം ഞാനും മുങ്ങുന്നു.
അലകളടങ്ങിയ വെള്ളക്കെട്ടിൽ
വാനം പീലിവിരിക്കുമ്പോൾ
എന്റെ മനസ്സിൽ പുതുവാനം

**നീലപ്പിലി വിരിക്കുന്ന**
**അമ്പിളിചിന്നും പാൽപ്രഭയേ**
**ങ്ങാമ്പലമൊട്ടുകൾ വിരിയുമ്പോൾ**
**ആകാശത്തോടാർത്തിപെരുത്തെ**
**ന്നുള്ളും പൂവിട്ടുണരുന്നു.**

Collected by
Anjali

**8.A**

കുട്ടി വല്ലാതെ ഒതുങ്ങിക്കൂടുകയാണോ **?ഓട്ടിസമാകാം**

_ ***ഓരോ വർഷവും ഏപ്രിൽ 2 ഓട്ടിസം എവയെർനസ് ഡേ ആയി ആചരിക്കപ്പെടുന്നത്. കുട്ടികളെ അവരുടെ ജനനത്തോടെയോ ജീവിതത്തിന്റെ ആദ്യമാസങ്ങളിലോ പിടികൂടാറുള്ള ഒരു അസുഖമാണിത്. മാനസികവും ബൗദ്ധികവുംമായ വളർച്ചയെ സ്വധീനിക്കുന്ന ഓട്ടിസം മുഖ്യമായും താറുമാറാക്കാറുള്ളത് മറ്റുള്ളവരുമായുള്ള ഇടപഴകൽ , ആശയവിനിമയമം , പെരുമാറ്റങ്ങൾ വ്യക്തിപരമായ താൽപരങ്ങൾ എന്നീ മേഖലകളെയാണ്. ജീവിത കാലം മുഴുവൻ നിലനിൽക്കുന്ന ഒരു രോഗമാണ്.***



SOUMYA J
COUNSELLOR

## ഒഴിവുകാലം

**പറക്കുമുമ്മകൾ**
**നീട്ടിക്കൊതിപ്പിക്കുന്ന വാനം**
**വെളുത്ത താരകപ്പൂക്കൾ**
**വാരിവിതറുന്നു.**

**മഴച്ചില്ലിൻ**
**ചുണ്ടിലൂടെ**
**പുഞ്ചിരിക്കുന്ന**
**വിണ്ണിൻ**
**മനസ്സൊരു**
**മാരിവില്ലാൽ**
**എന്നെനൊക്കുന്ന**

**വിരൽത്തുമ്പിൽ**
**പിടിച്ചാരോ**
**നടത്തീടുന്ന**
**മണ്ണിൻ**
**ഞാൻ**
**കുളിരുകോരുന്നു.**

**കിളിപ്പാട്ടിൽ**
**പൂവനത്തിൽ**
**കളിച്ചാർക്കുന്ന**

ഞാനെൻ
കൂട്ടരുമൊത്തി
മരത്തിലൂയലാടുന്നു

തേൻവരിക്കച്ചോട്ടിൽ
മധുരം
കാത്തുനിൽക്കുന്ന
ഞാനീ
മാഞ്ചുമ്മട്ടിൽ
അണ്ണാന്റെ ചിൽചിൽ
ഏറ്റുപാടുന്നു.

COLLECTED BY
SANJITH
9.B

## പൂവും മുള്ളും



മുഖവും കൂർപ്പിച്ചങ്ങനെ നിൽക്കും
മുള്ളേ, നീയൊരു മരമണ്ടൻ
എന്നെപ്പോലെ ചിരിക്കുക നീയും
എല്ലാവർക്കും പ്രിയനാകും
മണ്ടിപ്പെണ്ണേ, പൂവേ നിന്നുടെ
മയിലെന്ത് കളിമണ്ണോ ?
നിന്നെപ്പോലെ ചിരിച്ചതിവേഗം
ആർക്കുമെരിഷ്ടവുല്ലാതിങ്ങനെ
ഒത്തിരി നാളുകളെന്തിനായ് ?

**ഒത്തിരിയിഷ്ടം കിട്ടുമെനിക്കീ-**
**യിത്തിരി ജന്മം മതിയല്ലോ !**

*COLLECTED BY*
*ASWATHY*
*9.A*

# ജന്മനാട്



എത്ര വർണഭമാണെന്റെ നാട്
ഹരിതമനോഹരി എൻ നാട്
മലയാള ഭാഷയിൽ
ശക്തിയാർജ്ജിച്ചെരി,
മലയാളിതൻ മാതൃനാട്
മലയാള അക്ഷരങ്ങളാൽ സദൃശക്കിയ
മലയാള കവിതകൾ തൻ ജന്മനാട്
കായലും പുഴകളും തിരതല്ലിയൊഴുകുന്ന
കേരളമാണെന്റെ നാട്
പൂക്കളും, ലതകളും ഇലകളും
തിങ്ങിനിറഞ്ഞതാണെന്റെ നാട്
സൂര്യകിരണങ്ങൾ തൻ ആലിംഗനമേറ്റ്
പ്രകാശ പൂരിതമാണെന്റെ നാട്
കേരവൃക്ഷങ്ങളാൽ തിങ്ങിനിറഞ്ഞൊരു
കേരളമാണെന്റെ ജന്മനാട്

**മലർ വസന്തത്തിൽ പുണ്യനാട്**
**ഹാ! ,എത്ര സുന്ദരമാണെൻെറ ജന്മനാട്.**

COLLECTED BY
POOJALAKSHMI
9.A

# ***ജീവിതം***

**കാലത്തിൻെറ**
**സിന്ദൂരക്കുപ്പിയിൽ അവൾ,**
**നിരാശയുടെ കണ്ണീർ നിറച്ചുവച്ചു,**
**കാത്തിരിപ്പിൻ നാളുകളെ**
**കടലാസ് തോണിയിൽ കടലിലേക്കടുപ്പിച്ചു**
**തുറക്കപ്പെട്ട വാതിലുകളെ**
**വെന്തരിയുന്ന  കനൽക്കട്ടയായ്**
**മുദ്രകുത്തി**
**വികാരങ്ങൾ പെരുകുന്ന മനസ്സിനെ**
**ചങ്ങലക്കിട്ട് ബന്ധിച്ചു**
**കണ്ണുകൾ തേടുന്നതെല്ലാം**
**ഇരുട്ടിൽ തുറന്നുവിട്ടു**
**ജീവിതം പാഴ്റ്റ ചിതലരിച്ച**
**പുസ്തകം പോലെമണ്ണിൽ ലയിചലിഞ്ഞു.**

COLLECTED BY
NIMISHA
9.A

# മുള്ളുകൾ

തേനായ് ചുണ്ടത്ത-
ലിഞ്ഞില്ലായെങ്കിലും
പൂവായ്സ്സുഗന്ധം
പൊഴിച്ചില്ലയെങ്കിലും
ആർദ്രമീ രാവി-
ലിരുട്ടിൻെറ ചില്ലയി
ലോരോ നിലാവിൻെറ
പൂവിതൾ മാതിരി-
യിത്തിരിവെട്ടം
പരത്തിയിരിക്കുന്ന
സാന്ത്വനമെന്നപോൽ
വന്നില്ലയെങ്കിലും മുള്ളായിമാറാതി-രിക്കട്ടെ വാക്കുകൾ.

*COLLECTED BY*
*HARIS 9.B*

# മഴയുടെ കളി

മഴയെന്ന കുഞ്ഞിൻെറ വിരലിൽ പിടിച്ചിട്ട്
ഇളവെയിലമ്മയിന്നെങ്ങോട്ട് ?
കറുക വരമ്പത്തെ തവള മുത്തശ്ശിതൻ കഥ
കേട്ട നേരെ വടക്കോട്ട്
പെരിയ കരികല്ലിൻ പടവിറങ്ങിമഴ
തെളിനീരിൽ കലിട്ടടിക്കുമ്പോൾ, കരയിലെ
ചെറുകാറ്റിലിളകുന്ന തുമ്പതന്നരികിലായ്
വെയിലമ്മവച്ചതെന്ത് ?
നനയാതിരിക്കുവാൻ നിഴലിൽ പൊതിഞ്ഞു

തന്നരുമക്കിനാവിൻെറ ചെപ്പത്രേ.

## പൂച്ചനോട്ടം

കണ്ണൊന്ന് തെറ്റിയാൽ മീൻച്ചട്ടിയിൽ തലയിട്ടുതട്ടിയും മുട്ടിയും മൺകലം പൊളിക്കും.പല്ലിയേയും എലിയേയും ചാടിപിടിച്ചകത്തിടും. ആരുമില്ലാത്തനേരം കിടക്കയിൽ കയറി കിടക്കും....അങ്ങനെയേറ്റന്ന പൂച്ചയെക്കുറിച്ച് അമ്മയുടെ പരാതികൾ.എന്നിട്ടും അമ്മ കുട്ടിക്ക് കുഞ്ഞുണ്ണിക്കവിത പാടികൊടുത്തു. എന്നിട്ടും രാത്രിയിൽ പതുങ്ങി പ്തുങ്ങി വന്ന പൂച്ചയ്ക്ക് അമ്മ മീൻ കറിയൊഴിച്ച ചോററ് കൊടുത്തു.അടുക്കളപ്പണിയൊക്കെ കഴിഞ്ഞ് അടുപ്പിലെ ചാരം വാരുമ്പോൾ  അടുപ്പിനരികിൽ കിടക്കാൻ പൂച്ച  വരും. അപ്പോൾ അമ്മ തഴുകും ചിലപ്പോൾ പൂച്ചയെ കാണാതാകുമ്പോൾ അമ്മയ്ക്ക് വേവലാതിയാകും. എൻെറ  മണിക്കുട്ടിയെ കണ്ടോ? അയൽക്കാരോട് ചോദിക്കും . എന്നിരുന്നാലും പൂച്ച പതുങ്ങി പതുങ്ങി

കണ്ണടച്ച് പാൽകുടിക്കും
ചട്ടിയിലേക്ക്
തട്ടിൻപുറത്തേക്ക്
മാളത്തിലേക്ക്
പൂച്ചനോട്ടം നീളും നീളും.

COLLECTED BY
SANGEETH
9.B

## കൽക്കണ്ട  മല

തീരെ വയ്യാതെ ഒരുറുമ്പ് നടന്നു  പോവുകയായിരുന്നു. ആഹാരമെന്നീം

കഴിച്ചില്ല.'പെട്ടെന്ന് മുന്നിൽ ഒരു മല ?

'എന്ത് മല. . . . .?

'കൽക്കണ്ട മല. . . . .?

'എന്നിട്ട്.....?

'ഉറുമ്പ് ആവോളം കൽക്കണ്ടം തിന്നും.  ഒരു വലിയ പൊളി കൽക്കണ്ടം ചുമലിലേറ്റി വീട്ടിലേക്ക് ഞരങ്ങി ഞരങ്ങി ഞരങ്ങി യാത്രയായി'

'കഥ  കഴിഞ്ഞോ.......?

'ആര്ടെ....?

'ഉറുമ്പിന്റെ.....?

'ഇല്ല... വീട്ടിലെത്തിയ ഉറുമ്പ് മക്കളെയൊക്കെ വിളിച്ച് കൽക്കണ്ട മലയെപ്പറ്റിയും യാത്രയെപ്പറ്റിയും വാതോരാതെ പറഞ്ഞു  കൊണ്ടിരുന്നു...?

'പെട്ടെന്ന് അതാ മക്കൾ മുവരും ഒറ്റഓട്ടം

' എങ്ങോട്ടായിരിക്കും അവർ ഓടിയിട്ടുണ്ടാവുക.......?

' കത്തിയെടുക്കാൻ....?

'  എന്തിന്.....?

'  മുറിക്കാൻ ......?

'അല്ല..?

'പിന്നെ,വടക്കേപ്പുറത്തേക്ക് ...

'എന്തിനെ....?

'അപ്പിയിടാൻ....?

'അല്ല...'?

'എന്നാ   പിന്നെ ....വെള്ളവും ഗ്ലാസുമെടുക്കാൻ.......?

'എന്തിന് .....?

'കലക്കി കുടിക്കാൻ..?

'അല്ല..?

'എന്നെ അച്ഛൻ തന്നെ പറയണം..?

'ആ ഉറുമ്പുകൾ ബാക്കിയുള്ള കൽക്കണ്ട മല എടുക്കാൻ ഓടിപ്പോയതാ..........!

'അച്ഛന്റെ ഉറുമ്പുകൾ അച്ഛനെപ്പോലെത്തന്നെ .............

എന്റെ ഉറുമ്പുതൾ എന്നെപ്പോലെ..അല്ലെ അച്ഛാ..?

COLLECTED BY
ADARSH 9.B

# തിമിംഗലങ്ങളുടെ പാട്ടും ഡാൻസും

തിമിഗലങ്ങൾ സമുദ്രാപരിതലത്തിൽ നിന്ന് ഉയർന്നപൊങ്ങി വെള്ളത്തിലേക്ക് വീഴുന്നതും വാലുകൊണ്ട്സമുദ്രജലം അടിച്ചു പെളിക്കുന്നതും കണേണ്ട കാഴ്ചതന്നെയാണ്. തിമിംഗലനിരീക്ഷകർ ഇത് കാണാൻ കാത്തുനിൽക്കാറുണ്ട്. അവ വെറുതെ ചാടിക്കളിക്കുകയാണോ അതോ തിമിംഗലക്കൂട്ടായ്മകളിൽ പാട്ടും ഡാൻസും നടക്കുകയാണോ

കുഞ്ഞൻ തിമിംഗലങ്ങളിൽ ആണങ്ങൾ പാട്ടുപാടാറുണ്ട് പെൺതിമിംഗലങ്ങളെ സന്തോഷിപ്പിച്ച് ആകർഷിക്കാനാണ് ഈ പാട്ടുപാടൽ എന്നാൽ അവയുടെ പാട്ടുപാടൽ എന്നാൽ അവയുടെ ചാട്ടവും വാലും മുൻചിറകുകളും കൊണ്ട് വെള്ളത്തിൽ അടിക്കലും ഒരു തരം സന്ദേശമയക്കൽ ആണെന്നാണ് ആസ്ത്രലിയയിലെ ക്വീൻസലാന്റെ സർവകലാശാലയിലെ അൽബേകവാന എന്ന ഗവേഷകനും പെർത്തിലെ മർഡോക് സർവകലാശാലയിലെ ജോഷ്യസ്മിത്തും കരുതുന്നതും 2010 ലും 2011 ലും അവർ ക്വീൻസലാൻറിന്റെ സമുദ്രതീരത്തുക്കൂടി ദേശാടനം ചെയ്യുന്ന 94

തിമിംഗലക്കൂട്ടങ്ങളെ സൂക്ഷ്മമായി നിരീക്ഷിച്ച പഠിച്ച അവ ഇടയ്ക്കിടെ ക്രമമായി സമുദ്രോപരിതലത്തിലേക്ക് കുതിച്ച് ചാടുകയും വാലിട്ടടിക്കുകയും ചെയ്യുന്നതായി അവർ കണ്ടെത്തി തിമിംഗലക്കൂട്ടം നാലുകിലോമീറ്ററെകിലും ദൂരെയുള്ളപ്പോഴാണ് ഈ ചാട്ടവും വീഴലും വാലിട്ടടിക്കലും മറ്റൊരു തിമിംഗലക്കൂട്ടം അടുത്താണെകിൽ ചാട്ടമില്ല മുൻ ചിറകുകൾ കൊണ്ടും വാലുകൊണ്ടുമുള്ള വെള്ളത്തിലടി മാത്രമേയുള്ളൂ . പുതിയ തിമിംഗലങ്ങൾ കൂട്ടത്തിൽ ചേരുന്നതിന് മുമ്പും ചിലവകൂട്ടം വിട്ടു പോകുന്നതിനും മുമ്പും മുൻചിറകുകളും വാലുകൊണ്ടുള്ള അടികൾ വളരെ വർധിക്കുന്നതായും ഗവേശകർ നിരീക്ഷിച്ചു. മുരളൽ , ചീറ്റൽ ,ഒരുതരം കുരയ്ക്കൽ എന്നിവയൊക്കെ തിമിംഗലങ്ങളുടെ ആശയവിനിമയരീതികളാണെന്ന് ജീവശാസ്ത്രജ്ഞർക്കറിയാം വെള്ളത്തിൽ നിന്ന് ഉയർന്ന് ചാടലും വാലിട്ടടിക്കലും ത്തിംഗലങ്ങൾതമ്മിലുള്ള വിദൂര കമ്യൂണിക്കേഷൻ രീതി ആണെന്നാണ് ഗവേഷകരുടെ അനുമാനം ജന്തുലോകത്തെകുറിച്ച് ഇനിയും എന്തൊക്കെ നാം അറിയാനിരിക്കുന്നു.

COLLECTED BY

LEGUKRISHNAN

9.B

## <u>പ്രാണന്റെ വിശപ്പ്</u>

ചിത്രശലഭം ചിറകടിച്ചുകൊണ്ടിരുന്നു. അകപ്പെട്ട വലയിൽ നിന്നും അതിന് രക്ഷപ്പെടാൻ കഴിയുന്നില്ല. ചിറകടിച്ച് തളരട്ടേ പിടച്ചിൽ

നിലയ്ക്കുമ്പോൾ എളുപ്പം വായ്ക്കകത്താക്കാമല്ലോ എന്ന് ചിന്തിച്ച് വലയുടെ മധ്യത്തിൽ ക്ഷമയോടെ ശ്രദ്ധിച്ചു നിലകൊണ്ടു ചിലന്തിമൂപ്പൻ.

അതിന്റെ വായിൽ വെള്ളമൂറികൊണ്ടിരുന്നു

പാവം ചിത്രശലഭം ഇനി നിമിഷങ്ങൾ മാത്രം....! അതിന്റെ ജീവിതം ഒടുങ്ങും!തൊടിയിലെ ചെടിയിലെ വലയ്ക്കുള്ളിലെ ശലഭത്തിന്റെ പിടച്ചിൽ പെൺകുട്ടിയെ ദുഃഖത്തിലാഴ്ത്തി.

പെൺകുട്ടി നീണ്ട ചെടിക്കമ്പ് പൊട്ടിച്ചെടുത്തു നീട്ടിപ്പിച്ച് ഒരു തട്ട്. വലക്കണ്ണികൾ അറ്റുതുങ്ങ...ശലഭം പ്രാണനും കൊണ്ട് പറന്നു...!

"അയ്യോ മോളേ നീ ചെയ്തത് ശരിയല്ല" ങേ ? അമ്മ എപ്പോഴാണ് എന്റെ പിന്നിൽ വന്നു നിന്നത് ?

" എത്രനേരം കാത്തിരുന്നിട്ടും അതിനൊരിരയെ കിട്ടിയത്? ഇനിയൊരു വലനെയ്തെടുക്കാൻ എത്ര പാടുപടണം.......ഇനിയും ഒരിര എപ്പോഴാണ് കെണിയുക...? എന്നിട്ടുവേണ്ടേ അതിനു വിശപ്പുമാറ്റാൻ....? ഒരു നിമിഷം വിഷപ്പുസഹിക്കാൻ നിനക്കാവുമോ... ?

"ചിലന്തിയുട വിശപ്പിനാണോ ശലഭത്തിന്റെ പ്രാണനാണോ അമ്മേ വില ?"

അവളുടെ ചോദ്യത്തിനു മുന്നിൽ അമ്മ ഒരു നിമിഷം പതറി.

COLLECTED BY

VISHNU

9.A

# മത്തൻവള്ളി

വീട്ടിൽ കൂട്ടാൻ വെക്കാൻ കൊണ്ടുവന്ന ഒരു കഷണം പഴുത്ത മത്തനിൽ നിന്ന് മണിക്കുട്ടിക്ക് രണ്ടു വിത്തുകിട്ടി.
അവളത് മുറ്റത്തിന്റെ അതിർത്തിയായിനിൽക്കുന്ന തിണ്ടിനപ്പുറത്ത് മണ്ണിൽ കുഴിച്ചിട്ടു വെള്ളമൊഴിച്ചു. രണ്ടു വിത്തിൽ ഒന്ന് മണ്ണിന്റെ ചൂടിൽ വെന്തുപോയി. മറ്റെ വിത്തുമുളച്ചു. പരീക്ഷയ്ക്ക് ഒന്നാം സ്ഥാനം കിട്ടിയതുപോലെ മണിക്കുട്ടിതുള്ളിച്ചടി നിത്യവും രാവിലെ സ്കൂളിൽ പോവുന്നതിനു മുമ്പും വൈകുമന്നേരം വന്ന ശേഷവും മണിക്കുട്ടി മത്തൻ മുളയ്ക്ക് വെള്ളമൊഴിച്ചു. മത്തന്റെ വള്ളികൾ നീണ്ടു. അത് നീണ്ടു നീണ്ട്

മുറ്റത്തിലൂടെ വീടിന്റെ ചുമരിലേക്ക് വളർന്നു. തണുത്ത കാറ്റിൽമത്തൻവള്ളി തലയാട്ടി. വള്ളിയിൽ വിരിഞ്ഞ മത്തൻപൂവ് ചെറു കാറ്റിൽ ചിരിച്ചുകുഴഞ്ഞു. ഒരു ദിവസം സ്കൂളലേക്കുപോയ മണിക്കുട്ടി തിരിച്ചുവന്നില്ല. ഏകമകളായ മണിക്കുട്ടിയെനഷ്ടപ്പെട്ട അമ്മയ്ക്ക് നെഞ്ചു പൊട്ടി. അവർ കിടപ്പിലായി മണിക്കുട്ടിയേയോ അമ്മയേയോ കാണാത്ത ദുഃഖത്തോടെ മത്തൻവള്ളി അന്വേഷണം തുടങ്ങി. നിത്വവും വള്ളി നീണ്ടു വന്നു അങ്ങനെ വളർന്ന മത്തൻ വള്ളി ചുമരിലൂടെ കയറി ജനലിലൂടെ ഇറങ്ങി മുറിയിലെത്തി. മുറിയിൽ കട്ടിലിൽ ആരോകിടക്കുന്നതു കണ്ടപ്പോൾ മത്തൻവള്ളി തലയുയർത്തി നോക്കി. അത് മണിക്കുട്ടിയുടെ അമ്മയായിരുന്നു. വള്ളി നിണ്ടുവന്ന് കട്ടിലിൽ കയറി. കണ്ണടച്ച് മയങ്ങിക്കിടക്കുന്ന അമ്മയുടെ അടുത്തെത്തി. മത്തൻ വള്ളിയുടെ മൃദുലമായ തലപ്പ് ആ അമ്മയുടെ കൺപീലികളിൽ തഴുകി, അപ്പോൾ വീശിയ കാറ്റ് ശബ്ദമിലാതെ തേങ്ങി.

COLLECTED BY

SARATH

**9.B**

# STORY

once upon a time in the city of Naples in Italy, there lived a young boy of about eleven years, with his mother. They were quite poor and so both of them had to work, to earn money only buy their daily needs. The boy worked in a factory, but he loved to sing. In the ''thick-tock'' of the machines he heard music. In the chirping of the birds and the gurgling of the brooks, he heard the wonderful melodies of nature. He
spent all his spare time in learning to read musical notes, practising on an old piano, and singing songs.

One day, he hopefully approached a music teacher and asked him become a great singer. The teacher made him sing only once and said, "you are hopeless! You have no vice at all! You can never become a great singer." Son he began to wander through the streets of Naples with fellow teen-age factory workers.

*Collected by*
*Shilpa*
*10.C*

# SPEECH

Good morning to the Respected principle sir, madam my dear colleagues. I would like to speech on the topic of child labour. Some of the main causes of child labour are poverty, lack of basic facilities to all, lack of social sequrity,etc...such type social issues adversely affects children of the society more than other age groups

Because of poor condition and lack of knowledge, poor children become ready to work hard for a little payment were they are used as domestic workers in the urban areas.

*Collected by*
*Athulya*
*10.C*

# Child labour

" child labour interferes with the physical and mental development of the children. It has taken its deep in the society because of poverty, lack of shelter and food, lack of facilities for poor people, lack of education, big gap between rich and poor, growth of informal economy ,etc."

"The child is the father of man." This famous line quoted by William Wordsworth refers to the importance of the child for the development of society as well as for the all. Round development of the human race. We should never ignore the fact that child is the purest form of god. Child labour are exploited, exposed to hazardous work conditions and paid a pittance for their long hours of work. There are more than 250 million child labours in our country.

*Collected by*
*Fareetha*
*10.C*

# HOPE




I hope to fly upon the sky
like a bird with a cloud.
I hope when I get wings
I'll fly up the earth.
And I go near the shining
star,
As I love, the stars it is far away
from the earth and me
my hopes have no walls so,
it will fly up on the sky, like a free bird

*Collected by*
*Rahul*
*9.A*

# TRUE FRIEND

You always bring
music to me,
The music of love.
I bring my life to you
to hear your  music,
the music of love.

You always bring warm heart to me,
the heart of love,
To enjoy the warm heart of the love.
You always bring
friendship to me,
the friendship with love,
Is  falling  into my eyes.
To be a true  friendship
of you, I will give my life to........

collected by
Aiswarya
9.A

# FRIENDS

Friendship are most
incredibly gift given by the god !
A god friend well tell
To these friend-
When I die don't come
near by body,as
*my hand may not be*
*Able to wipe your tears.*

Do you know the meaning of friends?

F - fight for you
R - respect you
I - include you
E - encourage you
N - need you
D - deserve you
S - stand by you

So be a good friend and select a good friend.

Collected by
poojalakshmi
9.A

## QUOTES

One child,one teacher, one book and one pen can change the world.

Malala yousafsazi

Childhood means simpicity. Look at the world with the child's eye. It is very beautiful.

Kailash satyarthi

Some girls can't go to school because of the child labour and trafficking in the world.

Micheal moore.

I can't think of any issue that is more important than working to see that no school child in this world goes hungry.

Drew barry more.

Child labour means poverty, unemployment,illiteracy, population growth, and other social problems.

Kailash satyarthi

I am not a handsome
but i can give my hand to some one
who needs help
beauty is in heart
not in face

Abdul kalam

One best book
is equal to hundred good
friend but one good
friend is equal to a library

Abdul kalam.

We realize the importance of our voices only when we are silenced.

Malala

When the whole world is silent, even one voice becomes powerful.

I don't mind if I have to sit on the floor at school. All i want is education, And I'm afraid of no one.

*Collected by*
*Thrisha.K*
*9.B*

# CHILD LABOUR

Hopeful eyes, happy smilies
Soft hands million dreams
is this not the identity of a child?
Then why do I see
Tear filled eyes terrified faces
Rough hands , and shattered dreams
Deprived of their childhood
overloaded with work
Burdened with responsibility
At such a young age
so much to learn
so much to accomplish

But not given enough time
fight for a cause , Raise your voice
stop child labour.
Put a smile back on their face
Give them the childhood
That was stolen from them
fight for causes ,raise your voice

*Stop child labour.*

*Collected by*
*Anju*
*10.A*



# _നന്ദി

ഞങ്ങളുടെ ഒരു സ്വപ്ന സാക്ഷാത്ക്കാരമാ

യിരുന്നു ഡിജിറ്റൽ മാഗസിൻ. ഈ സ്വപ്നം ഞങ്ങൾക്ക് സാധ്യമാക്കി തന്ന അധ്യാപകരോടും സുഹൃത്തുക്കളോടുമുള്ള

സ്നേഹവും കടപ്പാടും നന്ദി എന്ന ഒരു വാക്കിൽ ഒതുക്കുവാൻ ഉള്ളതല്ല. തുടർന്നും ലിറ്റിൽ കൈറ്റ്സിൻെറ പ്രവർ

*ത്തനങ്ങൾക്ക് നിങ്ങളുടെ പിൻതുണ പ്രതീക്ഷിക്കുന്നു. Flying kites യാതാർത്ഥ്യമാക്കിതന്ന ഏവർക്കും നന്ദിയോടെ*

Thrisha k — Lłttle kites leader

Nithin m — Little kite leader



